LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിലെ അഴിമതി സംബന്ധിച്ച് സംസ്ഥാന വ്യാപകമായി 'ഓപ്പറേഷൻ അന്നപൂർണ്ണ' എന്ന പേരിൽ മിന്നൽ പരിശോധനകൾ നടത്തി. അവയുടെ കണ്ടെത്തലുകളിൽ 5 വിജിലൻസ് അന്വേഷണങ്ങൾക്ക് ഉത്തരവായി. അവയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ നീതി ഡിസ്ട്രിബ്യൂഷൻ സെന്ററുകളിലെ നിയമനവുമായി ബന്ധപ്പെട്ടുള്ള വിജിലൻസ് അന്വേഷണം പുരോഗമിച്ചുവരുന്നു.

2. കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലെ കൺസ്യൂമർഫെഡ് ഗോഡൗണുകളിലെ ക്രമക്കേടുകൾ സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

3. എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ കൺസ്യൂമർഫെഡ് അഴിമതി സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം പുരോഗമിക്കുന്നു.

4. തിരുവനന്തപുരം ജില്ലയിലെ ത്രിവേണി മാർക്കറ്റിനുവേണ്ടി നിയമ വിരുദ്ധമായി 7 ബോട്ടുവാങ്ങിയതും, ക്രമവിരുദ്ധമായി നിയമനം നടത്തിയതും ഉദ്യോഗസ്ഥർ യാത്രാബത്ത (റ്റി.എ.) ഇനത്തിൽ അധികത്തുക ഈടാക്കിയതും സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം പുരോഗമിക്കുന്നു.

5. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നീതി ഡിസ്ട്രിബ്യൂഷൻ സെന്ററുകളിലെ അഴിമതി സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം പുരോഗതിയിലാണ്.

(സി) പ്രസ്തുത വിജിലൻസ് അന്വേഷണങ്ങളിലൊന്നുംതന്നെ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

സ്കൂളുകളിലെ പാഠപുസ്തക അച്ചടി

254(3076) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിലെ പാഠപുസ്തക അച്ചടി സ്വകാര്യ പ്രസ്സിന് നിയമവിരുദ്ധമായി നൽകിയതുമായി ബന്ധപ്പെട്ട് ഉയർന്ന ആരോപണങ്ങൾ വിജിലൻസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ടോ ; ഇതുസംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ലഭിച്ച ഒരു പരാതിയിന്മേൽ വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. അന്വേഷണം പ്രാരംഭ ഘട്ടത്തിലാണ്.

കൈക്കൂലിക്കേസ്സുകൾ

255(3077) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോവർഷവും കൈക്കൂലിക്കേസ്സുകളിൽ പിടിക്കപ്പെട്ട പോലീസ്, വനം, എക്സൈസ്, റവന്യൂ ഉദ്യോഗസ്ഥർ ആരെല്ലാം ; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇവരിൽ ഉന്നത ഉദ്യോഗസ്ഥർ, ഐ.എഫ്.എസ്., ഐ.എ.എസ്., ഐ.പി.എസ്. ഉൾപ്പെടെ സർക്കാർ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും വിജിലൻസ് പിടികൂടിയവരിൽ ശിക്ഷിക്കപ്പെട്ടവർ ആരെല്ലാം എന്നും എത്രപേരുടെ പേരിൽ നിലവിൽ കോടതികളിൽ കേസ്സുകൾ നിലനിൽക്കുന്നു എന്നും വ്യക്തമാക്കുമോ ;

(സി) വിജിലൻസ് വകുപ്പ് ഇവരിൽനിന്നും പിടിച്ചെടുത്ത പണം എത്ര ; ജില്ല, വകുപ്പ് ഇവ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഈ സർക്കാർ കാലയളവിൽ അഴിമതിക്കേസ്സുകളിൽ ഉൾപ്പെട്ട മന്ത്രിമാർ/പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ ആരെല്ലാം ; എത്രപേർ ഇതിൽനിന്ന് കുറ്റവിമുക്തരായി ; എത്രപേരുടെ പേരിൽ നിലവിൽ അന്വേഷണവും കേസ്സുകളും കോടതികളിലുണ്ട് ; അവർ ആരെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) ഈ സർക്കാരിന്റെ കാലയളവിൽ കൈക്കൂലി കേസ്സുകളിൽ പിടിക്കപ്പെട്ട പോലീസ്, വനം, എക്സൈസ്, റവന്യൂ ഉദ്യോഗസ്ഥരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ, പിടിച്ചെടുത്ത പണം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ അനുബന്ധമായിചേർക്കുന്നു..* ഇതിൽ ഉൾപ്പെട്ട ഉന്നത ഉദ്യോഗസ്ഥർ ആരും ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly